₹ 5/-

# റിയൽ ലൈഫ് വോയ്സ്

R E A L  L I F E  V O I C E

Monthly

Volume 9
Issue 8

**February 2021**

pages 24

"ഞാൻ സാക്ഷാൽ മുന്തിരിവള്ളിയും എന്റെ പിതാവ് തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പു ഒക്കെയും അവൻ നീക്കിക്കളയുന്നു. കായ്ക്കുന്നത് ഒക്കെയും അധികം ഫലം കായ്ക്കേണ്ട തിനു ചെത്തി വെടിപ്പാക്കുന്നു"

**(യോഹന്നാൻ 15:1,2)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L   L I F E   V O I C E

**Volume 9  Issue 8  February 2021  pages 24  Rs.5/-**

**Editor:**
Sebastian M.V.
Ph: 95 44 557 557

**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക് വരിസംഖ്യയോ സംഭാവനയോ Google Pay ചെയ്യുകയോ, ബാങ്കിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം.

**ദയവായി മണിഓർഡർ അയയ്ക്കരുത്**

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394

**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**

**Book No. 110**


## ഉള്ളടക്കം

പേജ്


- സ്വന്തശക്തിയാൽ വാഴുന്ന ദൈവം 3
- പ്രതികരണങ്ങൾ 6
- തൃശ്ശൂരിലെ താരപ്പേട്ടൻ (6) 8
- സഭാനവീകരണം (3) 11
- യോവേൽ (പുസ്തകപഠനം)(20) 14
- പരിശുദ്ധാത്മാവ് (33) 17
- കൊച്ചുണ്ണിയുടെ ബൈബിൾ...(17) 20
- ഓരോരോ ജന്മങ്ങള് (6) 22
- ബൈനോക്കുലർ (13) 23
- മന്ത്രിമാരുടെ തന്ത്രം 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# സ്വന്തശക്തിയാൽ വാഴുന്ന ദൈവം

**"He rules by His power forever."**
(Psalms 66:7)

ലോകം നിരവധി ഭരണകർത്താക്കളെ കണ്ടിട്ടുണ്ട്. കരുത്തരായിരുന്നു പലരും. അവർ കരുത്തരായിരുന്നു എന്നു പറയുമ്പോൾ, അവരുടെ കരുത്ത് (ശക്തി) അവരായിരുന്നില്ല എന്നതാണ് സത്യം. രാജാക്കന്മാരുടെ ശക്തി അവരുടെ സൈന്യമായിരുന്നു. സൈന്യം കൈവിട്ടാൽ എത്ര കരുത്തനായ രാജാവും നിസ്സാരനായിത്തീരും. പ്രധാനമന്ത്രിയുടെ ശക്തി കൂടെയുള്ള എംപിമാരാണ്. മുഖ്യമന്ത്രിയുടെ ശക്തി കൂടെയുള്ള എംഎൽഎമാരാണ്. കരുത്തനായ ഭരണാധികാരി എന്നു നാം വിളിക്കുന്നവരുടെയെല്ലാം ശക്തി അവരുടെ കൂടെയുള്ളവരായിരുന്നു.

പക്ഷേ സർവശക്തനായ ദൈവത്തെ നോക്കുക. സങ്കീർത്തനം 66:7 ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്: ''അവൻ തന്റെ ശക്തിയാൽ എന്നേക്കും വാഴുന്നു.'' ദൈവം തന്റെ ശക്തിയാൽ വാഴുന്നു (ഭരിക്കുന്നു). കൂടെയുള്ളവരല്ല ഈ ദൈവത്തിന്റെ കരുത്ത്. പിന്നെയോ, അത് താൻ തന്നെയാണ്. സ്വന്തം ശക്തിയാൽ ഭരിക്കുന്ന ഒരേയൊരു വ്യക്തി നമ്മുടെ ദൈവമാണ്. അതുകൊണ്ടാണ് നാം ദൈവത്തെ സർവശക്തൻ എന്നു പറയുന്നത്.

ഒരു കാലത്ത്, കരുത്തനായ ഭരണാധികാരി എന്നറിയപ്പെടുകയും പിന്നീട് കൂടെയുള്ളവർ കൈവിട്ടതു നിമിത്തം നിഷ്പ്രഭരായിത്തീരുകയും ചെയ്തവർ ധാരാളം. വിവിധ മതങ്ങളിൽപ്പെട്ട ആളുകൾ വിളിച്ചപേക്ഷിക്കുന്ന ദൈവങ്ങളുടെ സ്ഥിതി ഇതൊക്കെത്തന്നെയാണ്. കൂടെയുള്ളവരാണ് ഇവരുടെയൊക്കെ ദൈവങ്ങളുടെ ശക്തി. കൂടെയുള്ളവർ കൈവിട്ടാൽ ആ ദൈവത്തിന്റെ സ്ഥാനം പിന്നെ ചവറ്റുകുട്ടയിൽ!

എന്നാൽ സ്വർഗ്ഗസ്ഥനായ, ജീവനുള്ള, സാക്ഷാൽ ദൈവത്തിന്റെ അവസ്ഥ അങ്ങനെയല്ല. സന്ദർശകർ കാണാൻ ഇല്ലെങ്കിലും കടലിൽ തിരയുണ്ടായിരിക്കും എന്നതുപോലെ, ആരു വിളിച്ചപേക്ഷിച്ചാലും ഇല്ലെങ്കിലും, സാക്ഷാൽ ദൈവം കരുത്തനാണ്; സർവശക്തനാണ്. അങ്ങനെയുള്ള

ദൈവമാണ് നമുക്ക് വേണ്ടത്. ആൾക്കൂട്ടത്തിന്റെ കരുത്തിൽ വിളങ്ങിശോഭിക്കുന്ന വിഗ്രഹങ്ങളായ ദൈവങ്ങളല്ല, സ്വന്തം ശക്തിയാൽ എന്നേക്കും ഭരിക്കുന്ന സാക്ഷാൽ ദൈവമാണ് നമുക്കു വേണ്ടത്. ബുദ്ധിയുള്ളവർ സാക്ഷാലുള്ള ദൈവത്തെ ശരണം പ്രാപിക്കും.

**അർത്തെമിസ്ദേവി**

വിഗ്രഹാരാധനയ്ക്കെതിരെ അപ്പൊസ്തലനായ പൗലൊസ് ആഞ്ഞ ടിച്ചപ്പോൾ എഫെസ്യയിലെ അർത്തെമിസ്ദേവിയുടെ ഭക്തന്മാരുടെ നെഞ്ചകം പിടച്ചു. അവരുടെ ആവലാധി നോക്കുക: ''...അർത്തെമിസ് മഹാദേവിയുടെ ക്ഷേത്രം ഏതുമില്ല എന്നു വരികയും ആസ്യ മുഴുവനും ഭൂതലവും ഭജിച്ചുപോരുന്നവളുടെ മാഹാത്മ്യം ഒടുങ്ങിപ്പോകുകയും ചെയ്യും'' (അപ്പൊ.പ്രവൃ. 19:27). ഭൂതലം മുഴുവനും ആരാധിച്ചുപോരുന്ന അർത്തെമിസ് മഹാദേവിയുടെ മാഹാത്മ്യം ഈ പൗലൊസ് കാരണം ഇല്ലാതായിത്തീരുമത്രേ! അതുകൊണ്ട് നമ്മളെല്ലാവരും ഒരുമിച്ച് നിന്ന് കരുത്ത് കാട്ടണമെന്ന്! കയ്യൂക്കിനാൽ പൗലൊസിനെ ഒതുക്കണമെന്ന്! അതായത്, ഈ അർത്തെമിസ് മഹാദേവിയുടെ കരുത്ത് സ്വന്തം ഭക്തരാണ്. ഭക്തന്മാരുടെ കരുത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഈ ദേവിയെക്കൊണ്ട് നമുക്കെന്തു പ്രയോജനം എന്നു ചിന്തിക്കാൻ ആരുമുണ്ടായില്ല!

**ദാഗോൻദേവൻ**

ഫെലിസ്ത്യരുടെ രോമാഞ്ചമായിരുന്നു ദാഗോൻദേവൻ. പക്ഷേ സാക്ഷാൽ ദൈവത്തിന്റെ പെട്ടകം ദാഗോന്റെ വിഗ്രഹത്തിന്റെ അടുത്തു വച്ചപ്പോൾ, ദാഗോന്റെ വിഗ്രഹം കെട്ടിമറിഞ്ഞു വീണു തകർന്നു. ''ദാഗോന്റെ തലയും അവന്റെ കൈപ്പത്തികളും ഉമ്മരപ്പടിമേൽ മുറിഞ്ഞു കിടന്നു'' ( 1 ശമൂവേൽ 5:4). എന്നിട്ടും അവർ ദാഗോൻദേവനെ കൈവിട്ടില്ല. ''അവർ ദാഗോനെ എടുത്തു വീണ്ടും അവന്റെ സ്ഥാനത്തു നിർത്തി'' (5:3). സ്വന്തം സ്ഥാനത്ത് നിൽക്കുന്നതിനു പോലും ഭക്തന്മാരുടെ സഹായം ആവശ്യമുള്ള ദേവനായിരുന്നു ദാഗോൻ എന്നു തെളിഞ്ഞിട്ടും, ഇങ്ങനെയൊരു ദൈവം നമുക്കെന്തിന് എന്നു ചിന്തിക്കാൻ മാത്രം ബുദ്ധിയുള്ളവർ ആരും അക്കൂട്ടത്തിലുണ്ടായിരുന്നില്ല. നാം ചുമന്നുകൊണ്ടു നടക്കുന്ന വിഗ്രഹങ്ങൾ നമ്മെ എങ്ങനെ സഹായിക്കും എന്നു ആരെങ്കിലും ചിന്തിച്ചാൽ, അധികം വൈകാതെ അവൻ ആ വിഗ്രഹത്തെ കുപ്പത്തൊട്ടിയിൽ വലിച്ചെറിയും എന്നുറപ്പാണ്.

**ത്രിമൂർത്തികൾ**

ബ്രഹ്മാവ്-വിഷ്ണു-ശിവൻ എന്നിവരെക്കുറിച്ചുള്ള കഥകൾ പലതും ബാലരമ പോലുള്ള പുസ്തകങ്ങളിൽ വായിച്ചിട്ടുണ്ട്. പരമശിവൻ വൃകാ

സുരന് വരം കൊടുത്തതാണ് ഒരു കഥ. വൃകാസുരൻ ആരെ തൊട്ടാലും അയാൾ മരിക്കും എന്ന വരമാണ് കൊടുത്തത്. വരം ലഭിച്ചയുടനെ വൃകാസുരൻ പരമശിവനെ തന്നെ തൊടാൻ ശ്രമിച്ചു. ഭയന്നുപോയ പരമശിവൻ സ്വന്തം ജീവൻ രക്ഷിക്കാനായി ഓടി. വൃകാസുരൻ പിന്നാലെയും! ബ്രഹ്മാവിനോട് തന്നെ എങ്ങനെയെങ്കിലും രക്ഷിക്കണമെന്നു പരമശിവൻ കേണപേക്ഷിച്ചെങ്കിലും, താൻ നിസ്സഹായനാണ് എന്നു പറഞ്ഞു ബ്രഹ്മാവ് കൈ മലർത്തി. മഹാവിഷ്ണുവിന്റെ അടുത്തേക്ക് പ്രാണരക്ഷാർത്ഥം ഓടിച്ചെന്നപ്പോൾ, മഹാവിഷ്ണു സുദർശനചക്രം കൊണ്ട് വൃകാസുരന്റെ കഴുത്ത് അരിഞ്ഞു. പരമശിവൻ അങ്ങനെ രക്ഷപ്പെട്ടു!

മറ്റൊരു കഥ വായിച്ചിട്ടുള്ളത്, ശിവലിംഗത്തിന്റെ വലിപ്പം അളക്കാൻ മഹാവിഷ്ണുവും ബ്രഹ്മാവും ശ്രമിച്ചു എന്നതാണ്. ബ്രഹ്മാവ് ഹംസത്തിന്റെ രൂപം സ്വീകരിച്ച് ശിവലിംഗത്തിന്റെ മുകളറ്റം തേടി പോയി എന്നും, മഹാവിഷ്ണു പന്നിയുടെ (വരാഹം) രൂപം സ്വീകരിച്ച് കീഴറ്റം തേടി പോയി എന്നുമാണ് കഥ. ആയിരക്കണക്കിന് മൈലുകൾ സഞ്ചരിച്ചിട്ടും രണ്ടു പേർക്കും ശിവലിംഗത്തിന്റെ മുകളറ്റമോ കീഴറ്റമോ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല! ഒടുവിൽ അവർ തങ്ങളുടെ ശ്രമം ഉപേക്ഷിച്ചുവത്രേ. (മാന്യവായനക്കാർ എന്നോടു ക്ഷമിക്കുക. ഇത് ബാലരമയിൽ  വായിച്ചിട്ടുള്ളതാണ്)

മേൽപ്പറഞ്ഞ രണ്ടു കഥകളും വായിച്ച് ചിന്തിച്ചാൽ എന്തു നിഗമനത്തിലാണ് നാം എത്തിച്ചേരുക എന്നൊരു ചോദ്യം വായനക്കാരിലേക്ക് എറിഞ്ഞിട്ടു തന്നുകൊണ്ട്, കൂടുതലൊന്നും ഇതു സംബന്ധിച്ചു പറയാതെ, ഞാൻ പാമ്പിനെപ്പോലെ ബുദ്ധിയോടെ പിന്മാറുന്നു.

**സ്വന്തം ശക്തിയാൽ ഭരിക്കുന്ന ദൈവം**

ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സ്വന്തശക്തിയാൽ ഭരിക്കുന്നവനാണ്. ആരുടെയും ഔദാര്യമോ, അനുകമ്പയോ, പിന്തുണയോ ഈ ദൈവത്തിന് ആവശ്യമില്ല. നാം വിളിച്ചപേക്ഷിച്ചാലും ഇല്ലെങ്കിലും ദൈവം എല്ലായ്പോഴും സർവശക്തനായ ദൈവം തന്നെയാണ്. പ്രാണഭയം നിമിത്തം ദൈവം ഓടുന്നില്ല. മറ്റുള്ളവർ ദൈവത്തെ ചുമന്നുകൊണ്ടു നടക്കേണ്ടതില്ല. ഇളകാതെയിരിക്കേണ്ടതിനു ദൈവത്തെ ആണിയടിച്ച് ഉറപ്പിക്കേണ്ടതില്ല. നാം പൊന്നുപോലെ സൂക്ഷിക്കുകയും, തുടച്ചു വൃത്തിയാക്കുകയും ചെയ്യുന്ന ദൈവം നമ്മെ എങ്ങനെ രക്ഷിക്കാൻ? നമ്മെ പൊന്നു പോലെ സൂക്ഷിക്കുകയും, നമ്മെ കഴുകി ശുദ്ധീകരിക്കുകയും ചെയ്യുന്ന ദൈവമാണ് നമുക്ക് വേണ്ടത്. അങ്ങനെയുള്ള ദൈവമാണ് സാക്ഷാൽ ദൈവം. ആ ദൈവത്തെ വിളിച്ചപേക്ഷിക്കാൻ എല്ലാവരും തയ്യാറായിരുന്നുവെങ്കിൽ...

**എം.വി.എസ്.**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, email ആയോ WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം**
**ഫോൺ: 95 44 557 557**

## C F David Kandath, Subramaniyapura, Banglore

മാസിക അല്പം വൈകിയാണെങ്കിലും എല്ലാ മാസവും ലഭിക്കുന്നുണ്ട്. എല്ലാ പംക്തികളും വളരെ താത്പര്യത്തോടെ വായിക്കുന്നവരാണ് ഞാനും എന്റെ ഭാര്യയും. രണ്ടു വിഷയങ്ങളെക്കുറിച്ചു ഒരു വിശദീകരണം നൽകിയാൽ വളരെ ഉപകാരമായിരിക്കും.

(1) പലരും കർത്താവിന്റെ രണ്ടാംവരവിനെക്കുറിച്ച് പറയുമ്പോൾ ഉപയോഗിക്കുന്ന വാക്കാണ് മധ്യാകാശം എന്നത്. എങ്ങനെയാണ് ഇങ്ങനെയൊരു പദം കടന്നുവന്നത്. (2) പലരും ആരാധിക്കുമ്പോൾ അവസാനതുള്ളി രക്തം വരെ ചൊരിഞ്ഞു എന്നു പറയാറുണ്ട്. ഇതു ശരിയാണോ?

**(എഡിറ്റർ: ബൈബിളിൽ കാണാത്ത പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നവർ അതിനു മറുപടി പറയണം. മധ്യാകാശത്തിൽ എന്ന പദം ബൈബിളിൽ ഇല്ലെങ്കിൽ പിന്നെ എന്തിന് നാം ആ പദം ഉപയോഗിക്കണം എന്നു അവർ തെളിയിക്കട്ടെ.**

**കുന്തംകൊണ്ട് കർത്താവിന്റെ വിലാപ്പുറത്ത് കുത്തിയപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടു എന്നു യോഹന്നാൻ 19:34 ൽ കാണുന്നു. കർത്താവിന്റെ ശരീരത്തിലെ രക്തം മുഴുവനും തീർന്നതുകൊണ്ടാണ് വെള്ളം വന്നത് എന്നു ആരൊക്കെയോ ചിന്തിച്ചുപോയി. ഹൃദയവും ഹൃദയാവരണമായ പെരികാർഡിയത്തെയും കുറിച്ച് നാം പഠിക്കുമ്പോൾ, ഹൃദയത്തിൽ കുന്തം കൊണ്ടുള്ള കുത്ത് കൊണ്ടാൽ രക്തവും വെള്ളവും പുറപ്പെടുവാനുള്ള സാധ്യതയുണ്ടെന്നാണ് മനസ്സിലാകുന്നത്. പെരികാർഡിയത്തിൽ ഉള്ള ദ്രാവകത്തിനു നിറമില്ല. പെരികാർഡിയത്തിലെ വെള്ളവും ഹൃദയത്തിലെ രക്തവും ആണ് അവിടെ പുറത്തേക്ക് വന്നത് എന്നു ചിന്തിക്കാനുള്ള സാധ്യത വളരെയധികമുണ്ട്. ഏതായാലും അവസാന തുള്ളി രക്തം വരെ ചിന്തി എന്ന പ്രയോഗം ബൈബിളിലില്ല.)**

## N P Abraham, Manjummel, Ernakulam

പലർക്കും ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും സ്നാനത്തെ സംബന്ധിച്ച് ദൈവവചനസത്യങ്ങൾ വ്യക്തമായി തുറന്നെഴുതിയതിൽ അഭിനന്ദനം. സുവിശേഷത്തിൽ സ്നാനം ഉൾപ്പെടുന്നു. അതുകൊണ്ടാണ് ഫിലിപ്പോസ് സുവിശേഷം അറിയിച്ചുകൊണ്ട് വഴി പോകയിൽ, ഇതാ വെള്ളം ഞാൻ സ്നാനം ഏൽക്കുന്നതിനു എന്തു വിരോധം എന്നു ചോദിച്ചതും ഉടനെ

സ്നാനം കഴിപ്പിച്ചതും. ഇക്കാര്യം പലർക്കും അറിയില്ല. അതുകൊണ്ട് പിന്നീട് എന്നെങ്കിലും സൗകര്യംപോലെ സ്നാനം ഏറ്റാൽ മതി എന്നു അവർ പറയുന്നു. സ്നാനം ഏൽക്കുന്നത് വിശ്വാസത്തിന്റെ ഭാഗമാണ്. അതുകൊണ്ടാണ് യോഹന്നാൻ മാനസാന്തരസ്നാനമത്രേ കഴിപ്പിച്ചു, തന്റെ പിന്നാലെ വരുന്നവനായ യേശുവിൽ വിശ്വസിക്കണമെന്നു ജനത്തോടു പറഞ്ഞു എന്നു പൗലൊസ് പറഞ്ഞുകേട്ടപ്പോൾ പന്ത്രണ്ടോളം പേർ യേശു കല്പിച്ച സ്നാനം ഏറ്റത്. സ്നാനം യേശുവിൽ വിശ്വസിക്കുന്നതിന്റെ ഭാഗമാണ്. വിശ്വസിച്ചു രക്ഷിക്കപ്പെട്ടവർ സ്നാനമേൽക്കണമെന്നല്ല കർത്താവ് കല്പിച്ചത്, പിന്നെയോ വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ് കല്പിച്ചത്. (പ്രവൃത്തി 8:35-38; 19:4-5: മർക്കൊസ് 16:15-16).

*റിയൽ ലൈഫ് വോയ്സി*ലെ എല്ലാ ലേഖനങ്ങളും ആത്മികവർദ്ധനയ്ക്ക് വളരെ പ്രയോജനപ്പെടുന്നുണ്ട്.

**www.reallifevoice.in**

1. **വിശ്വാസവും സ്നാനവും:** ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. **മഹാകവി കെ. വി. സൈമൺ**
3. **സഭ** (സൺഡേസ്കൂൾ പാഠങ്ങൾ)
4. **ഖുർആൻ:** ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
5. **തിരുവട്ടാർ കൃഷ്ണൻകുട്ടി:** പ്രസംഗപീഠത്തിലെ ബാലസിംഹം
6. **പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ**
7. **സത്യം തേടിയുള്ള അന്വേഷണം**
8. **ഓബദ്യാവ്** (പുസ്തകപഠനം)
9. **മൂലഭാഷകളുടെ സൗന്ദര്യം**
10. **ചോദ്യവും ഉത്തരവും** (സംശയങ്ങൾക്കുള്ള മറുപടി)
11. **ചിന്തകൾ പന്തങ്ങളാകുമ്പോൾ** (എന്റെ ഡയറിക്കുറിപ്പുകൾ)
12. **ഇമ്മാനുവിന്റെ സംശയങ്ങൾ**
13. **തലമുറകൾ**
14. **മൂപ്പൻ**
15. **കുടുംബജീവിതം**
16. **മീഖാ** (പുസ്തകപഠനം)

**എം. വി. സെബാസ്റ്റ്യൻ രചിച്ച ഈ പുസ്തകങ്ങളെല്ലാം നമ്മുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വെബ്സൈറ്റ് സന്ദർശിക്കുക.**

# തൃശ്ശൂരിലെ താരപ്പേട്ടൻ

## അഥവാ, സി.വി.താരപ്പൻ

6

**-എംവിഎസ്-**

> **സി.വി.താരപ്പൻ (1886–1958):** **'കാഹളനാദം കേൾക്കാറായ് കുഞ്ഞാട്ടിൻ കാന്തേ' എന്ന ഗാനമുൾപ്പെടെ 300–ഓളം ഗാനങ്ങൾ എഴുതിയ ഭക്തകവി; മലയാളത്തിലെ ആദ്യത്തെ സഭാചരിത്രം എഴുതിയ വ്യക്തി (1926); വെളിപ്പാടുപുസ്തകവ്യാഖ്യാനമുൾപ്പെടെ 17 പുസ്തകങ്ങൾ രചിച്ച എഴുത്തുകാരൻ; മഹാകവി കെ. വി. സൈമണുമായി സജീവ സൗഹൃദം; മികച്ച അപ്പോളജിസ്റ്റ്...**

**'വഴങ്ങാത്ത സഹോദരൻ'**

പഴഞ്ഞി പുത്തൻകുളത്തിൽ ബ്രദറുകാരനായ കൊള്ളൻചാക്കുണ്ണിയാൽ സ്നാനമേറ്റ താരപ്പൻസഹോദരനും കൂട്ടരും 'നിശബ്ദവിശ്വാസികളായി' കാണപ്പെടാൻ ആഗ്രഹിച്ചില്ല. തങ്ങൾ അറിഞ്ഞ സത്യത്തിനനുസരിച്ച് ധീരതയോടെ ഉറച്ചുനിൽക്കാനും മറ്റുള്ളവരുമായി അതു പങ്കു വയ്ക്കാനും അവർ തയ്യാറായി. മർത്തോമാ, യാക്കോബായ തുടങ്ങിയ പട്ടത്വസഭകളുടെ കണ്ണിലെ കരടായി അങ്ങനെ താരപ്പനും കൂട്ടരും മാറി.

നവീകരണത്തിന്റെ തീക്കാറ്റ് ഏറ്റ് സമുദായങ്ങളിൽ നിന്നു വേർപിരിഞ്ഞ ആ സംഘത്തിന്റെ ലീഡർ തീർച്ചയായും താരപ്പൻ തന്നെയായിരുന്നു. യാക്കോബായക്കാരുടെ ഇടയിൽ നിന്നും വേർപിരിഞ്ഞതു നിമിത്തവും, പിന്നീട് യാക്കോബായക്കാരും മർതോമക്കാരുമായവരോട് വചനസത്യങ്ങൾ തുറന്നു പറഞ്ഞതുനിമിത്തവും അവരുടെ ശത്രുക്കൾ വർദ്ധിച്ചു.

**ബ്രദറൺസഭ**

തങ്ങളെ സ്നാനപ്പെടുത്തിയ കൊള്ളൻചാക്കുണ്ണി ഉൾപ്പെട്ടു നിൽക്കുന്ന ബ്രദറൺസഭയിൽ ചേരാൻ അവർ തയ്യാറാകാഞ്ഞത് ബ്രദറുകാരെയും ചൊടിപ്പിച്ചു. താരപ്പൻ അവിവാഹിതനായി തുടരാനാണ് തീരുമാനിച്ചത്. മറ്റുള്ളവർ വിവാഹം കഴിക്കുന്നതിനെ അദ്ദേഹം നിരുത്സാഹപ്പെടുത്തുകയും ചെയ്തു. അതു നിമിത്തം, അദ്ദേഹം വിവാഹം വിലക്കുന്നവനാണെന്നും ദുരുപദേശങ്ങൾ പറയുന്നവനാണെന്നും ബ്രദറുകാർ ആരോപിച്ചു. 'നാഗൽ മദാമ്മ' (നാഗൽസായിപ്പിന്റെ ഭാര്യ, Harriet Mitchell) സി. വി. താരപ്പൻസഹോദരനുമായി സംസാരിച്ചുവെങ്കിലും പ്രയോജനമുണ്ടായില്ല.

ബ്രദറുകാരുടെ സുവിശേഷകനായി താരപ്പനെ നിയമിക്കാമെന്ന് പറഞ്ഞുനോക്കിയെങ്കിലും അദ്ദേഹം സമ്മതിച്ചില്ല. ഓ! താരപ്പേട്ടൻ! താങ്കൾ എന്താണ് ഈ ചെയ്തത്? ബ്രദറൺസഭയുടെ സുവിശേഷകനായി നിയമിതനാകുവാൻ താങ്കൾക്കു ലഭിച്ച സുവർണ്ണാവസരം തട്ടിക്കളഞ്ഞില്ലേ? അന്ന് ആ അവസരം ഉപയോഗിച്ചിരുന്നുവെങ്കിൽ ഇന്ന് താരപ്പൻസഹോദരൻ ബ്രദറുകാരുടെ ഒരു സ്വകാര്യഅഹങ്കാരമായി മാറുമായിരുന്നു – മഹാകവി കെ. വി. സൈമൺസാറിനെപ്പോലെ.

മഹാകവി കെ. വി. സൈമണും, സി. വി. താരപ്പനും പലപ്പോഴും ഒരുമിച്ചു പ്രവർത്തിച്ചവരായിരുന്നു. പക്ഷേ സൈമൺസാർ പിന്നീട് ബ്രദറൺ സഭയിലോ ബാപ്റ്റിസ്റ്റ് സഭയിലോ ചേരണമെന്നു ആഗ്രഹിക്കുകയും, ഒടുവിൽ ബ്രദറൺസഭയിൽ ചേരുകയും ചെയ്തു. ബ്രദറൺസഭയുടെ ഒരു നെടുംതൂണായി അദ്ദേഹം മാറിയ കാഴ്ചയാണ് പിന്നീട് നാം കാണുന്നത്. പ്രശസ്തിയും അംഗീകാരവും അദ്ദേഹത്തെ ചുറ്റിപ്പറ്റി നിന്നു – വ്യക്തിപരമായി അദ്ദേഹം അതൊന്നും ആഗ്രഹിച്ചില്ലെങ്കിലും.

പക്ഷേ, കൂട്ടുകാരനായ സൈമൺസാർ ബ്രദറൺസഭയിൽ ചേർന്നെങ്കിലും താരപ്പൻസഹോദരൻ അതിനു തയ്യാറായില്ല. അതിനുവേണ്ടി 'നാഗൽമദാമ്മ'യടക്കം നടത്തിയ ശ്രമങ്ങൾ പാഴായി. താരപ്പേട്ടനെക്കുറിച്ച് അധികമാർക്കും ഇന്ന് അറിഞ്ഞുകൂടാ. അദ്ദേഹം എഴുതിയ ഗാനങ്ങൾ പലതും ഭക്തരുടെ അധരങ്ങളിൽനിന്നും അപ്രത്യക്ഷമായി. *കാഹളനാദം കേൾക്കാറായ്....* പോലുള്ള ഹിറ്റ് ഗാനങ്ങളുടെ രചയിതാവ് തങ്ങളാണെന്ന് അവകാശപ്പെട്ട് മറ്റു ചിലർ രംഗത്തുവന്നു. ഫലമോ! താരപ്പനെ അറിയാത്ത ഒരു തലമുറ ഇവിടെയുണ്ടായി.

ബ്രദറൺസഭയുടെ സുവിശേഷകനായിത്തീരാനുള്ള അവസരം യാതൊരു മടിയുമില്ലാതെ താരപ്പൻസഹോദരൻ തള്ളിക്കളഞ്ഞത് നിമിത്തം അദ്ദേഹം ഇന്ന് ജനമനസ്സുകളിൽനിന്നു ഏറെക്കുറെ അപ്രത്യക്ഷനായി. താൻ മനസ്സിലാക്കിയ സത്യങ്ങളുമായി മുന്നോട്ടുപോയ അദ്ദേഹത്തെ 'വഴങ്ങാത്ത സഹോദരൻ' എന്നാണ് പലരും വിശേഷിപ്പിച്ചിരുന്നത്.

അദ്ദേഹത്തിന്റെ ആത്മകഥയിൽ നാം ഇപ്രകാരം വായിക്കുന്നു:

> ....മർത്തോമ്മക്കാർക്ക് എന്നോടും കൂട്ടുസഹോദരന്മാരോടും ഉള്ള നീരസം വർദ്ധിച്ചു. ഏറിയ അപവാദങ്ങളും അപശ്രുതികളും പറഞ്ഞു പരത്തുവാൻ ബദ്ധശ്രദ്ധരായി. മർത്തോമ്മയിലും യാക്കോബായിലും ഉള്ള ഭക്തന്മാർ ഞങ്ങളോട് വളരെ അനുകമ്പയും അനുകൂലവും കാണിച്ചു. യാതൊരു മതബോധവുമില്ലാത്ത ഒരു തരം ജനങ്ങളാണ് ഉപദ്രവിപ്പാൻ തുടങ്ങിയത്.

സ്നാനാനന്തരം ഞങ്ങൾ കൊള്ളരുതാത്തവരാണ് എന്നു സമുദായക്കാരായ ദ്രോഹികളും, ഞങ്ങൾ വിവാഹം വിലക്കുന്നവരും ഉപദേശത്തിൽ പിഴച്ചവരുമാണെന്നു ബ്രദറുകാരിൽ പലരും ഘോഷിച്ചുതുടങ്ങി. വല്ല വിധേനയും എന്നെ ക്രമപ്പെടുത്തുവാൻ നാഗൽമദാമ്മയും കൂട്ടുകാരും ശ്രമിച്ചു. ഒരു വേലക്കാരനായി എടുക്കാമെന്നു ബ്രദർസഹോദരന്മാരായ ചിലർ ആലോചിച്ചപ്പോൾ, പറഞ്ചുഉപദേശി പറഞ്ഞത്, അയാൾ വഴങ്ങാത്ത സഹോദരൻ എന്നാണ്.

നാഗൽമദാമ്മ കുന്ദംകുളത്ത് വന്ന് ഉപദേശകാര്യങ്ങളെ സംബന്ധിച്ച് ചില കാര്യങ്ങൾ ആലോചിക്കുവാൻ ബംഗ്ലാവിൽ കൂടാമെന്നു പറഞ്ഞു. സൈമൺസാറിന്റെ കൂട്ടത്തിൽനിന്ന് തത്ക്കാലം ബ്രദറിൽ ചേർന്നവരായ രണ്ടു സഹോദരന്മാരും അവിടെയുണ്ടായിരുന്നു. പാദശുശ്രൂഷ, രാത്രി തിരുവത്താഴം, വിശ്വാസത്താലുള്ള രോഗശാന്തി മുതലായ പല കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് രാത്രി അവിടെ താമസിച്ചു. എങ്കിലും അവരോടു യോജിച്ചുപോകുവാൻ കഴിയാത്തതിനാലാണ് അവരുമായി പിരിഞ്ഞത്.

**ആ ഓഫർ നിരസിച്ചത് എന്തുകൊണ്ട്?**

ബ്രദറൺസഭയുടെ സുവിശേഷകനാകാനുള്ള ആ അവസരം താരപ്പേട്ടൻ കൈവിട്ടതിന് ഒരു കാരണമുണ്ടായിരുന്നു. സുവിശേഷവേല അദ്ദേഹം ആഗ്രഹിച്ചിരുന്നുവെങ്കിലും, അതു നിശ്ചിതശമ്പളം കൈപ്പറ്റിക്കൊണ്ട് ചെയ്യാൻ അദ്ദേഹം തയ്യാറായിരുന്നില്ല. സുവിശേഷകൻ ആകാൻ താത്പര്യമുണ്ടായിരുന്നുവെങ്കിലും ശമ്പളക്കാരൻ ആകുവാൻ അദ്ദേഹത്തിനു താത്പര്യമുണ്ടായിരുന്നില്ല എന്നു സാരം.

സി. വി. താരപ്പൻ ആജീവനാന്തം സുവിശേഷകൻ തന്നെയായിരുന്നു. താൻ 'കോസ്റ്റ്‌ലി' (costly) ആയ സുവിശേഷകൻ ആയിരുന്നില്ല. അതായത്, അദ്ദേഹം തീർത്തും ലളിതജീവിതമാണ് നയിച്ചിരുന്നത്. അതുകൊണ്ടുതന്നെ തന്റെ ആവശ്യങ്ങൾ വളരെ ചുരുക്കമായിരുന്നു. തന്റെ ഇളയ പെങ്ങളായ എളച്ചാർടീച്ചർക്ക് അക്കാലത്ത് ലഭിച്ചിരുന്ന തുച്ഛമായ വരുമാനമായിരുന്നു താരപ്പേട്ടന്റെയും ഉപജീവനമാർഗ്ഗം.

ശമ്പളത്തിനുവേണ്ടിയുള്ള സുവിശേഷവേല എന്ന വിഷയം തന്നെ ഞങ്ങൾക്ക് വലിയ വെറുപ്പായിരുന്നു..... ഞങ്ങൾക്ക് ലഭിച്ച വെളിച്ചത്തിനനുസരണമായി ജീവിച്ചുപോകുന്നതിന്റെ ഫലമായി പലരുടെയും നീരസത്തിനു ഞങ്ങൾ പാത്രീഭവിച്ചു.
(*എന്റെ അനുഭവം*)

**(തുടരും)**

# സഭാനവീകരണം - ചരിത്രപശ്ചാത്തലം

3

പ്രൊഫ. ടി. ജോൺമാത്യു, മണ്ണുത്തി

റോമാസാമ്രാജ്യത്തിന്റെ ചക്രവർത്തിയായിത്തീരുന്നതിനു തൊട്ടുമുമ്പ് ക്രിസ്തീയവിശ്വാസം സ്വീകരിച്ച കോൺസ്റ്റൻടൈൻ അധികാരമേറ്റതോടുകൂടി ക്രിസ്ത്യാനികൾക്ക് എല്ലായിടങ്ങളിലും ആരാധനാസ്വാതന്ത്ര്യവും എല്ലാവിധ പ്രവർത്തന സ്വാതന്ത്ര്യവും ലഭിച്ചു. ചക്രവർത്തിയുടെ മതം എന്ന സ്ഥാനം റോമാനഗരത്തിലെ സഭയ്ക്ക് ലഭിച്ചതിനെത്തുടർന്ന് ആ സഭയിലെ ബിഷപ്പിനു ഗവൺമെന്റിന്റെ മേൽ വലിയ സ്വാധീനം ലഭിച്ചു. രാജ്യത്തെ ഉന്നത ഉദ്യോഗസ്ഥന്മാർ ചക്രവർത്തിയാൽ ബഹുമാനിക്കപ്പെടുന്ന ബിഷപ്പിനോട് സ്നേഹാദരങ്ങൾ പ്രകടിപ്പിക്കാൻ തുടങ്ങിയതിൽ അതിശയിക്കാനില്ലല്ലോ.

ചക്രവർത്തിയുടെയും ഗവൺമെന്റിലെ ഉന്നത ഉദ്യോഗസ്ഥന്മാരുടെയും സഹായത്താൽ റോമിലെ സഭയുടെ ബിഷപ്പിന് ഭൗതികമായി വലിയ അവകാശങ്ങളും അധികാരങ്ങളും നേടിയെടുക്കാൻ സാധിച്ചു. സഭയുടെ ആവശ്യങ്ങൾക്കായി സഭയുടെ പേരിൽ ഭൂസ്വത്ത് സമ്പാദിക്കാനും ധനം സമ്പാദിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഇതിന്റെ ഫലമായി റോമിലെ സഭയുടെ ബിഷപ്പ് മറ്റു പ്രദേശങ്ങളിലെയും മറ്റു രാജ്യങ്ങളിലെയും സഭകളുടെ ബിഷപ്പുമാരെ അപേക്ഷിച്ച് വളരെ കൂടുതൽ ധനവും പ്രതാപവും ഒക്കെയുള്ള ഒരു ഭരണാധികാരിയായിത്തീർന്നു.

റോമിലെ ബിഷപ്പിന്റെ അധികാരവും പ്രതാപവും വർദ്ധിച്ചുവരുന്നുത് കണ്ടപ്പോൾ അന്ത്യോഖ്യയിലെ ബിഷപ്പും അദ്ദേഹത്തെ അനുകരിക്കാൻ പരിശ്രമം തുടങ്ങി. ജനങ്ങളുടെ ഭൗതികകാര്യങ്ങൾ നിയന്ത്രിക്കാനും ക്രമീകരിക്കാനും ഒരു ചക്രവർത്തി ആവശ്യമാണെങ്കിൽ അവരുടെ ആത്മികകാര്യങ്ങൾ ക്രമീകരിക്കാനും നിയന്ത്രിക്കാനും ചക്രവർത്തിക്കു തുല്യനായ ഒരു ഭരണാധികാരി ആവശ്യമാണെന്നും, ആ ഭരണാധികാരിയാണ് ബിഷപ്പ് എന്നുമുള്ള ചിന്താഗതി വിശ്വാസികളിൽ ഉണ്ടായി. അതിനെ വളർത്തിയെടുക്കാനുള്ള ഒരു പരിശ്രമം കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ മതപരിവർത്തനശേഷം റോമാനഗരത്തിലെ സഭയെ ഭരിച്ച ബിഷപ്പുമാരും അവരുടെ അനുചരവൃന്ദങ്ങളും നടത്തി എന്നതാണ് സത്യം.

റോമാസാമ്രാജ്യത്തിലെ വിജാതീയജനവിഭാഗത്തിന്റെ നല്ലൊരു പങ്ക് ക്രിസ്തീയവിശ്വാസം എന്താണെന്നൊന്നും മനസ്സിലാക്കാതെ ക്രിസ്തീയസഭയിൽ പ്രവേശനം നേടിയതിന്റെ അനന്തരഫലമായിട്ടാണ് ഈ അവസ്ഥ ഉണ്ടായത്. ഈ 'പുതുക്രിസ്ത്യാനി'കളുടെ ദൃഷ്ടിയിൽ ക്രിസ്തീയവിശ്വാസം സ്വീകരിക്കുക എന്നതിന്റെ അർത്ഥം തങ്ങൾ വണങ്ങി വന്നിരുന്ന പഴയ ദേവീദേവന്മാരെ മാറ്റി അവരുടെ സ്ഥാനത്ത് അവരേക്കാൾ ശക്തി കൂടിയ ക്രിസ്തീയ ദേവന്മാരെയും ദേവിമാരെയും പ്രതിഷ്ഠിക്കുക എന്നതായിരുന്നു.

ഇവരുടെ താത്പര്യങ്ങൾക്കു വഴങ്ങി ക്രിസ്തീയവിശ്വാസങ്ങളിലും ആരാധനാരീതികളിലും വ്യത്യാസങ്ങളും പരിവർത്തനങ്ങളും വരുത്തുന്നതിന് റോമിലെ സഭാനേതൃത്വം നിർബന്ധിതമായിത്തീരുകയും ചെയ്തു. മതപരിവർത്തനം നടത്തി സഭയിലേക്ക് കടന്നുവന്ന വിജാതീയരെ പ്രസാദിപ്പിക്കാൻ വേണ്ടി അവർ പരിചയിച്ചുവന്നിരുന്ന ബഹുദൈവവിശ്വാസം മറ്റൊരു രൂപത്തിൽ റോമിലെ സഭ സ്വീകരിച്ചു. അങ്ങനെയാണ് അപ്പൊസ്തലന്മാരെയും ചില സഭാപിതാക്കന്മാരെയും യേശുവിന്റെ അമ്മ മറിയത്തെയും ഒക്കെ ദൈവത്തിനും മനുഷ്യർക്കും ഇടയിൽ നിൽക്കുന്ന മദ്ധ്യസ്ഥന്മാരായി കരുതിക്കൊണ്ട് അവരോടു പ്രാർത്ഥിക്കുന്ന രീതി സഭയിൽ ആരംഭിക്കാനിടയായത്.

അവർക്ക് കിഴക്കുദിക്കിലേക്ക് നോക്കി പ്രഭാതസൂര്യനെ വണങ്ങുന്ന പതിവുണ്ടായിരുന്നു. ആ പതിവ് സഭയിലേക്ക് കൊണ്ടുവരാൻ വേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കുമ്പോൾ കിഴക്കുദിക്കിന് അഭിമുഖമായി നിൽക്കണമെന്നു നിയമമുണ്ടാക്കി. ദേവീദേവന്മാരുടെ പ്രതിമകൾക്കു മുന്നിൽ കുമ്പിടുന്ന അവരുടെ പതിവ് നിലനിർത്താൻ വേണ്ടി ക്രിസ്തീയദേവാലയങ്ങളിൽ യേശുവിന്റെയും കന്യകമറിയത്തിന്റെയും അപ്പൊസ്തലന്മാരുടെയും രക്തസാക്ഷിമരണം വരിച്ച സഭാപിതാക്കന്മാരിൽ ചിലരുടെയും പ്രതിമകൾ പ്രതിഷ്ഠിച്ചു വച്ചിട്ട് അവയുടെ മുന്നിൽ വണങ്ങുവാൻ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

വിജാതീയക്ഷേത്രങ്ങളിലെ ദീപാരാധനയ്ക്കു പകരമായി ക്രിസ്തീയദേവാലയങ്ങളിൽ മെഴുകുതിരി കത്തിച്ചുവയ്ക്കുന്ന പതിവ് ആരംഭിച്ചു. ഡിസംബർ 25-ാം തീയതി സൂര്യദേവന്റെ ജന്മദിനമായി ആഘോഷിച്ചിരുന്ന വിജാതീയർക്ക് ആ 'സന്തോഷം' മറ്റൊരു വിധത്തിൽ നൽകാൻ വേണ്ടി യേശു ഭൂജാതനായത് ഡിസംബർ 25-ാം തീയതിയാണെന്നു പരിഗണിച്ചുകൊണ്ട് ആ ദിവസം 'ക്രിസ്മസ്' ആയി ആഘോഷിക്കാൻ തുടങ്ങി. ഇഷ്ടാർ (Ishtar) എന്ന വിജാതീയദേവിയുടെ നാമത്തിൽ നടത്തിയിരുന്ന ഉത്സവം ക്രൈസ്തവീകരിക്കാനായി യേശുക്രിസ്തുവിന്റെ ക്രൂശുമ

രണവും ഉയിർത്തെഴുന്നേൽപ്പും ഈസ്റ്റർ (Easter) എന്ന പേരിൽ ആഘോഷിക്കണമെന്നു തീരുമാനിച്ചു.

ക്ഷേത്രങ്ങളിലെ പൂജാരിമാർ ചെയ്യുന്ന കർമ്മാനുഷ്ഠാനങ്ങൾ മൂലമാണ് മറ്റുള്ളവർക്കു മോക്ഷം ലഭിക്കുന്നത് എന്ന തത്ത്വം ക്രൈസ്തവസഭയിലേക്ക് കൊണ്ടുവന്നപ്പോൾ യേശുവിൽ അർപ്പിക്കുന്ന വിശ്വാസത്താൽ നീതീകരിക്കപ്പെടുക എന്ന ഏറ്റവും പ്രധാനപ്പെട്ട ദൈവവചനസത്യം കാറ്റിൽ പറത്തപ്പെട്ടു; അതിന്റെ സ്ഥാനത്ത് പുരോഹിതൻ നടത്തുന്ന കർമ്മാനുഷ്ഠാനങ്ങളാൽ ആത്മരക്ഷ ലഭിക്കുന്നുവെന്ന വിജാതീയമതതത്ത്വം പ്രതിഷ്ഠിക്കപ്പെട്ടു.

പിതൃക്കളുടെ മോക്ഷത്തിനായി റോമാസാമ്രാജ്യത്തിലെ വിജാതീയർ അനുഷ്ഠിച്ചുവന്നിരുന്ന കർമ്മങ്ങൾ ക്രൈസ്തവീകരിച്ച് മരിച്ചവരുടെ ആത്മാക്കളെ സ്വർഗ്ഗത്തിൽ എത്തിക്കുന്ന ദിവ്യകർമ്മങ്ങളാക്കിത്തീർത്തു. ഭക്തന്മാരുടെ മോക്ഷത്തിനായി ചെയ്തുവന്നിരുന്ന കർമ്മങ്ങൾക്ക് സമാനമായ പല കർമ്മങ്ങൾ ക്രിസ്തീയപുരോഹിതന്മാരും ചെയ്തു തുടങ്ങി. കർദ്ദിനാൾ ന്യൂമാൻ (Cardinal John Henry Newman) "An Essay on the Development of Christian Doctrine" എന്ന തന്റെ പുസ്തകത്തിന്റെ 373-ാം പേജിൽ (1914 Edition) പറഞ്ഞിട്ടുള്ളത്, ദേവാലയങ്ങൾ വിശുദ്ധന്മാരുടെ പേരുകളിൽ പ്രതിഷ്ഠിക്കുന്ന പതിവ്, വിശേഷാവസരങ്ങളിൽ അവ അലങ്കരിക്കുന്ന പതിവ്, കുന്തിരിക്കം പുകയ്ക്കുക, വിളക്കുകളും മെഴുകുതിരികളും കത്തിച്ചുവയ്ക്കുക, രോഗസൗഖ്യത്തിനു നേർച്ച നേരുക മുതലായ കാര്യങ്ങളെല്ലാം നാലാം നൂറ്റാണ്ടിനുശേഷം ക്രൈസ്തവസഭയിൽ ഉണ്ടായ ആചാരാനുഷ്ഠാനങ്ങൾ ആണെന്നാണ്.

പുരാതന റോമാനഗരത്തിലെ ഏറ്റവും വലിയ മതപുരോഹിതന്റെ സ്ഥാനപ്പേരായിരുന്നു Pontifex Maximus (പൊന്തിഫെക്സ് മാക്സിമസ്) എന്നത്. റോമിലെ ബിഷപ്പ്, ചക്രവർത്തിയുടെ പിന്തുണയോടുകൂടി മറ്റു ബിഷപ്പുമാരുടെ മേലധികാരിയായിത്തീരാൻ ശ്രമം നടത്തുകയും വിജയിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം സ്വീകരിച്ച Pontiff എന്ന സ്ഥാനപ്പേര് വാസ്തവത്തിൽ Pontifex എന്ന പേരു തന്നെയാണ്. Pope എന്ന പദത്തിന്റെ പര്യായമായി ഇന്ന് അതുപയോഗിക്കുന്നു.

Pontiff ആയിത്തീർന്ന റോമിലെ ബിഷപ്പും, വിശ്വാസികളുടെ മേൽ ആധിപത്യം നേടാൻ ആഗ്രഹിച്ച ഇടവകപട്ടക്കാരും ഒരുമിച്ചു ചേർന്ന് പാപമോചനാധികാരം തങ്ങൾക്കുണ്ടെന്നും തങ്ങളുടെ മുമ്പാകെ വന്നു കുമ്പസാരിക്കുന്നവർക്ക് പാപമോചനം കിട്ടുമെന്നും അവർക്കു മാത്രമേ സ്വർഗ്ഗത്തിലേക്കു പോകാൻ സാധിക്കുകയുള്ളൂവെന്നും പഠിപ്പിച്ചുതുടങ്ങി.

**(തുടരും)**

# യോവേൽ (പുസ്തകപഠനം)

20

## എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**എന്തൊക്കെയാണ് ശത്രുക്കൾ ദൈവജനത്തോട് കാണിച്ചത്?**

1. **ജാതികളുടെ ഇടയിൽ ചിതറിച്ചു** (യോവേൽ 3:2)

**യോവേൽ 3:3**

**"അവർ എന്റെ ജനത്തിനു ചീട്ടിട്ടു ഒരു ബാലനെ ഒരു വേശ്യക്കുവേണ്ടി കൊടുക്കയും ഒരു ബാലയെ വിറ്റു വീഞ്ഞുകുടിക്കയും ചെയ്തു"**

2. **ആൺകുട്ടികൾ അടിമകളായി വിൽക്കപ്പെട്ടു**
3. **പെൺകുട്ടികൾ വേശ്യകളായി വിൽക്കപ്പെട്ടു**
4. **വിറ്റുകിട്ടിയ കാശുകൊണ്ട് അവർ മ്ലേച്ഛത പ്രവർത്തിച്ചു**

ദൈവജനം ദൈവത്തിൽനിന്നും അകന്നുപോയതു നിമിത്തം ഉണ്ടായ അധ:പതനം എത്ര വലിയതാണെന്നു നോക്കുക. അവരുടെ മക്കൾ വലിയ അപമാനത്തിലൂടെയും കഷ്ടതയിലൂടെയും കടന്നുപോകേണ്ടിവന്നു. ശത്രുക്കൾ ദൈവജനത്തിന്റെ മദ്ധ്യേയുള്ള കുട്ടികളെ, ആൺകുട്ടികളെന്നോ പെൺകുട്ടികളെന്നോ വ്യത്യാസമില്ലാതെ, അവരെ വിറ്റ് കാശുണ്ടാക്കി. പെൺകുട്ടികളെ വിറ്റത് ബാറിലും കള്ളുഷാപ്പിലുമായിരുന്നു!

വ്യഭിചാരശാലയിൽ പോകുന്നവൻ കൂടെ ഒരു യിസ്രായേല്യബാലനെയും കൊണ്ടുപോയി. പണത്തിനു പകരം കൊടുക്കാൻ! കള്ളുഷാപ്പിൽ പോകുന്നവൻ ഒപ്പം ഒരു യിസ്രായേല്യപെൺകുട്ടിയെയും കൊണ്ടുപോയി. പണത്തിനു പകരം കൊടുക്കാൻ! ഹോ! എത്ര ഭയങ്കരം! എത്ര ദയനീയം! കള്ളുഷാപ്പിൽ പോകുന്നവൻ വയറു നിറയെ കള്ളുകുടിച്ച്, പണത്തിനു പകരമായി ഒരു യിസ്രായേല്യപെൺകുട്ടിയെ നിഷ്കരുണം അവിടെ കൊടുത്തു പോരുന്നു! കരുണയില്ലാത്ത കാപാലികന്മാരുടെ കിരാതമായ കരങ്ങളിൽ ആ കുരുന്നിന്റെ കഥ കഴിയുന്നു.

ദൈവത്താൽ കൈവിടപ്പെട്ട ജനത്തിന്റെ അവസ്ഥ! ഈ കാഴ്ച കണ്ട് ദൈവം ക്രൂരമായി ആനന്ദിക്കുകയായിരുന്നില്ല. ഇതാ പകരം ചോദിക്കാൻ

ദൈവം വരുന്നു. പ്രിയ ദൈവജനമേ, നാം ദൈവത്തിൽനിന്നും അകന്നു പോയാലും ദൈവം നമ്മെ എത്ര മാത്രം സ്നേഹിക്കുന്നു എന്നതിന്റെ തെളിവാണിത്. ദൈവത്തിൽനിന്ന് അകന്നുപോകുന്നതു നിമിത്തമുള്ള ദുരന്തങ്ങൾ നമുക്കു ഒഴിവാക്കാം, ദൈവത്തോടു പറ്റിനിൽക്കുന്നതിലൂടെ.

**യോവേൽ 3:4**

**"സോരും സീദോനും സകല ഫെലിസ്ത്യപ്രദേശങ്ങളുമായുള്ളോവേ, നിങ്ങൾക്ക് എന്നോടു എന്തു കാര്യം? നിങ്ങളോടു ചെയ്തതിനു നിങ്ങൾ എനിക്കു പകരം ചെയ്യുമോ? അല്ല, നിങ്ങൾ എന്നോടു വല്ലതും ചെയ്യുന്നുവെങ്കിൽ ഞാൻ വേഗമായും ശീഘ്രമായും നിങ്ങളുടെ പ്രവൃത്തി നിങ്ങളുടെ തലമേൽ തന്നേ വരുത്തും"**

**(1) സോരും സീദോനും സകല ഫെലിസ്ത്യപ്രദേശങ്ങളുമായുള്ളോവേ:** ദൈവജനമായ യിസ്രായേലിനെ ഉപദ്രവിക്കാൻ മുന്നിൽ നിന്നവരാണ് ഇവർ. യിസ്രായേൽജനതയുടെ മറ്റു ശത്രുക്കളുമായും ഇവർ ചങ്ങാത്തം കൂടിയിരിക്കാം. ആൺകുട്ടികളെയും പെൺകുട്ടികളെയും അടിമകളാക്കി വിൽക്കുന്നതിൽ ഇവർക്കും പ്രധാനപ്പെട്ട പങ്കുണ്ടെന്ന് ന്യായമായും കരുതാവുന്നതാണ്.

**(2) നിങ്ങൾക്ക് എന്നോടു എന്തു കാര്യം?:** സോരിനോടും സീദോനോടും സകല ഫെലിസ്ത്യപ്രദേശങ്ങളോടും ദൈവം ചോദിക്കുന്നു: നിങ്ങൾക്ക് എന്നോടു എന്തു കാര്യം? എന്റെ ജനത്തോട് എന്തു കാര്യം എന്നല്ല, എന്നോടു എന്തു കാര്യം എന്നാണ് ദൈവം ചോദിച്ചത്. വാസ്തവത്തിൽ ഇവർ ഉപദ്രവിച്ചിട്ടുള്ളത് യിസ്രായേൽജനത്തെയാണ്. യിസ്രായേൽജനം ദൈവത്തിന്റെ സ്വന്തജനമായതുകൊണ്ട്, ആ ജനത്തെ ഉപദ്രവിച്ചവരോട് ദൈവം ഇപ്രകാരം ചോദിച്ചു: നിങ്ങൾക്ക് എന്നോടു എന്തു കാര്യം? ക്രിസ്ത്യാനികളെ ഉപദ്രവിച്ച ശൗലിനോട് യേശു ചോദിച്ചത്, ശൗലേ, ശൗലേ നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നാണല്ലോ. ദൈവത്തിനു വേണ്ടപ്പെട്ടവരെ ഉപദ്രവിക്കുന്നത് ദൈവത്തെ ഉപദ്രവിക്കുന്നതിനു തുല്യമാണ്.

**(3) നിങ്ങളോടു ചെയ്തതിനു നിങ്ങൾ എനിക്കു പകരം ചെയ്യുമോ?:** സോരും സീദോനും ഫെലിസ്ത്യപ്രദേശങ്ങളും ദൈവത്തിന്റെ പക്കൽ നിന്നും ധാരാളം ശിക്ഷകൾ വാങ്ങിക്കൂട്ടിയിട്ടുള്ളവരാണ്. സോരിനെതിരെയുള്ള പ്രവചനങ്ങളും (യെശയ്യാവ് 23:1; യെഹെസ്കേൽ 26:2), സീദോനെതിരെയുള്ള പ്രവചനങ്ങളും (യെഹെസ്കേൽ 28:22) വേദപുസ്തകത്തിൽ നമുക്കു കാണാവുന്നതാണ്. ഫെലിസ്ത്യരും യിസ്രായേൽമക്കളുമായുള്ള പ്രശ്നങ്ങൾക്ക് കുറെക്കൂടി ആഴമുണ്ടല്ലോ. ന്യായാധിപന്മാരുടെ

പുസ്തകം മുതൽ നാം അതു കാണുന്നുണ്ട്. ദൈവജനമായ യിസ്രായേൽ പലപ്പോഴും ഇവരെ തോല്പിച്ചിട്ടുണ്ട്.

യിസ്രായേൽമക്കളുടെ ഭാഗത്തുനിന്നും ഇവർക്ക് പലപ്പോഴും ഉണ്ടായ തിരിച്ചടികൾക്ക് ഇവർ പകരം ചോദിക്കുമോ എന്നാണ് ദൈവം ചോദിക്കുന്നത്. ആ തിരിച്ചടികൾക്കു പിന്നിൽ തന്റെ ശക്തമായ കരമായിരുന്നു എന്നു ദൈവം പരോക്ഷമായി സാക്ഷ്യപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്. അതുകൊണ്ട് അതിനൊന്നും പകരം ചോദിക്കാൻ നിങ്ങൾക്കാവില്ല എന്നും ദൈവത്തിന്റെ ശക്തമായ കരുതൽ യിസ്രായേൽജനത്തിനു ഉണ്ടായിരിക്കുമെന്നും ദൈവം ഇവിടെ വ്യക്തമാക്കുന്നു.

**4. അല്ല, നിങ്ങൾ എന്നോടു വല്ലതും ചെയ്യുന്നുവെങ്കിൽ ഞാൻ വേഗമായും ശീഘ്രമായും നിങ്ങളുടെ പ്രവൃത്തി നിങ്ങളുടെ തലമേൽ തന്നേ വരുത്തും**

ശത്രുരാജ്യങ്ങളോട് ദൈവം പറയുകയാണ്, ഇനി അഥവാ എന്തെങ്കിലും എന്റെ ജനത്തോട് നിങ്ങൾ കാണിച്ചാൽ അത് എന്നോടു ചെയ്തതിനു തുല്യമാണ്. എന്നോടു വല്ലതും ചെയ്താൽ അതിനു എത്രയും പെട്ടെന്നു തിരിച്ചടി ഉണ്ടാകും. നിങ്ങൾ ചെയ്യുന്ന ദോഷം നിങ്ങളുടെ തലമേൽ തന്നെ ഞാൻ മടക്കി വരുത്തും. മറ്റു ജാതികളുടെ ബിംബങ്ങളായ ദേവന്മാരോട് ഏറ്റുമുട്ടുന്ന പോലെയല്ല, ജീവനുള്ള ദൈവത്തോട് ഏറ്റുമുട്ടുന്നത് എന്നു പ്രവാചകനായ യോവേൽ ഇവിടെ വിളിച്ചുപറയുന്നു. **(തുടരും)**


# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

# പരിശുദ്ധാത്മാവ്

**-എംവിഎസ്-**

33

**അത്ഭുതങ്ങളുടെ ഉറവിടങ്ങൾ**

അത്ഭുതങ്ങളും അത്ഭുതരോഗശാന്തികളും നടന്നതായി നാം കേൾക്കുന്നു. മുടന്തൻ നടന്നു, കുരുടൻ കണ്ടു, മരിച്ചവൻ ഉയിർത്തെഴുന്നേറ്റു, കാൻസർ മാറി, രണ്ടും കിഡ്നിയും കേടായി എങ്കിലും ദൈവം സൗഖ്യം തന്നു.... അത്ഭുതരോഗശാന്തി തരാനും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും ദൈവം ശക്തനാണ് എന്ന കാര്യത്തിൽ തർക്കമില്ല. ചെങ്കടലിൽ ഉണങ്ങിയ നിലമൊരുക്കിയ ദൈവത്തിന് ആ കഴിവ് ഇന്നും നഷ്ടപ്പെട്ടിട്ടില്ല. ലാസറിനെ ഉയിർപ്പിച്ച ആ ശക്തി ഇന്നും നഷ്ടപ്പെട്ടിട്ടില്ല. പക്ഷേ.... <u>ബൈബിളിലെ നിലവാരത്തിലുള്ള അത്ഭുതങ്ങളോ അത്ഭുതരോഗശാന്തിയോ ഇന്നു നടക്കുന്നുണ്ടോ എന്നതാണ് നാം അന്വേഷിക്കേണ്ടത്.</u>

ഇന്നു കേൾക്കുന്നത് ഭൂരിഭാഗവും നുണകളോ, ഊഹാപോഹങ്ങളോ, കേട്ടുകേൾവികളോ മാത്രമാണ്. അത്ഭുതം അനുഭവിച്ചവന്റെ വിശദാംശങ്ങൾ നമുക്കു ലഭിക്കാറില്ല. അവന്റെ മേൽവിലാസമോ ഫോൺനമ്പറോ ആരും തരില്ല. പിന്നെ, ഈ അത്ഭുതം എന്നു പറയുന്നത് തലവേദന മാറി, വയറുവേദന മാറി... തുടങ്ങിയവയുമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, വേദപുസ്തകത്തിൽ കാണുന്ന നിലവാരത്തിലുള്ള അത്ഭുതങ്ങൾ നാം കാണുന്നുണ്ടോ എന്ന് അന്വേഷിക്കണം എന്ന്.

അത്ഭുതങ്ങൾക്ക് താഴെപ്പറയുന്ന മൂന്നു ഉറവിടങ്ങൾ ഉള്ളതായി കാണാം.

**1. മാനുഷികം**

മനുഷ്യന്റെ ഭാവന, കേട്ടുകേൾവി, അതിശയോക്തിപ്രയോഗം, നുണ ഇതെല്ലാമാണ് ഇന്നു കേൾക്കുന്ന പല അത്ഭുതങ്ങളുടെയും പിന്നാപുറ രഹസ്യം. ശുദ്ധതട്ടിപ്പ് എന്നു പറയാം. വിശ്വസിക്കാനും ഏറ്റുപാടാനും കുറെ മണ്ടന്മാർ ഉള്ളതുകൊണ്ട് തട്ടിപ്പുവീരന്മാർ അവരുടെ 'ശുശ്രൂഷ' ഉത്സാഹത്തോടെ തുടരുന്നു. 'അത്ഭുതങ്ങൾ' അനുഭവിക്കുന്നവരിൽ അധികവും സ്ത്രീകളാണ്. ദർശനങ്ങൾ കാണുന്നതും, മറ്റാരും ഇതുവരെ കാണാത്ത കാഴ്ചകൾ കാണുന്നതും, വാർത്തകൾ കേൾക്കുന്നതും, ഇവയ്ക്ക് പ്രചാരം കൊടുക്കുന്നതും പലപ്പോഴും സ്ത്രീകളാണ്.

മനുഷ്യന്റെ തോന്നലുകൾ, ചിത്തഭ്രമം, ഇതെല്ലാം നിമിത്തം ഇല്ലാത്തത് ഉണ്ടായി എന്നു പറയുന്നു. സ്വപ്നങ്ങളിൽ കാണുന്ന കാഴ്ചയും വാസ്തവമെന്നു തെറ്റിദ്ധരിക്കാവുന്നതാണ്. എന്റെ ഒരു സുഹൃത്ത് അപകടത്തെത്തുടർന്ന് അബോധാവസ്ഥയിൽ ഐസിയുവിൽ കിടക്കുകയായിരുന്നു. നിശ്ചിത സമയങ്ങളിൽ അവർ കർട്ടൻ മാറ്റുന്ന സമയത്ത് ചില്ലിനുള്ളിലൂടെ രോഗിയെ കാണാൻ അവസരമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പെങ്ങൾ ചില്ലിനുള്ളിലൂടെ നോക്കിയിട്ട് ഇങ്ങനെ പറഞ്ഞു: അവൻ കണ്ണു തുറന്നു എന്നെ നോക്കി; പെട്ടെന്ന് കണ്ണുകൾ അടച്ചു; വിഷമം നിമിത്തമാകും. വാസ്തവത്തിൽ ഇത് വെറും തോന്നൽ മാത്രമായിരുന്നു. പിറ്റെ ദിവസം അദ്ദേഹം മരിക്കുകയും ചെയ്തു.

ഇന്നു കേൾക്കുന്ന അത്ഭുതങ്ങളിൽ ഏറിയ പങ്കും മാനുഷികം മാത്രമാണ്. വാസ്തവത്തിൽ അത്ഭുതങ്ങൾ നടക്കുന്നില്ല; പക്ഷേ അത്ഭുതങ്ങൾ നടന്നു എന്നു ആളുകളെ വിശ്വസിപ്പിക്കുന്നു. തിരുമണ്ടന്മാർക്കു പഞ്ഞമില്ലാത്തതുകൊണ്ട് ഈ പരിപ്പുകളെല്ലാം നന്നായി വേവുന്നുമുണ്ട്.

**2. പൈശാചികം**

മത്തായി 7:22, വെളിപ്പാട് 13:13–15, 16:13,14 എന്നീ വേദഭാഗങ്ങളെല്ലാം അത്ഭുതപ്രവൃത്തികൾ പിശാചിനാലും സംഭവിക്കും എന്നു തെളിയിക്കുന്നവയാണ്.

**3. ദൈവികം**

ഇതാണ് വാസ്തവമായ അത്ഭുതങ്ങൾ.

**ദൈവികമായ അത്ഭുതങ്ങൾ എങ്ങനെ തിരിച്ചറിയാം?**

(1) അത്ഭുതങ്ങൾ നടക്കുന്നുണ്ട് എന്നു ആഹ്വാനം ചെയ്തു, രോഗശാന്തിയോഗങ്ങൾ സംഘടിപ്പിച്ച്, ആളെ കൂട്ടി, അത്ഭുതങ്ങൾ ചെയ്യുന്നവനാണെങ്കിൽ അത് ദൈവികമല്ല. എന്തെന്നാൽ ഇത്തരം പരിപാടി ബൈബിളിലില്ല.

(2) കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലുമൊരു നിഗമനത്തിൽ എത്തരുത്. പറഞ്ഞു കേൾക്കുന്നവയിൽ നുണയും അതിശയോക്തിയും ധാരാളം കടന്നുകൂടാൻ സാധ്യതയുണ്ട്.

(3) നേരിട്ടു നാം ഒരു അത്ഭുതം കണ്ടാൽ, ആ അത്ഭുതപ്രവർത്തകൻ ദൈവത്തോടുകൂടെ നിൽക്കുന്നവനാണോ അല്ലയോ എന്നു വിലയിരുത്തുക. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ ദൈവവചനവുമായി ചേർന്നു പോകുന്നവയാണോ എന്നും പരിശോധിക്കുക.

(4) വിഗ്രഹാരാധന നടത്തുന്നവരും (കരിസ്മാറ്റിക്കുകാർ), *കടപട തട മട ഗൗഡതൗഡ* എന്നിങ്ങനെയുള്ള അന്യഭാഷ പറയുന്നവരും നടത്തുന്നതായി പറയപ്പെടുന്ന അത്ഭുതങ്ങൾ നാം തള്ളിക്കളയണം.

(5) ബൈബിളിൽ കാണുന്നതുപോലെയുള്ള ജന്മനാ ഉള്ള അന്ധത, മുടന്ത് എന്നിവ സൗഖ്യമാക്കാൻ അത്ഭുതപ്രവർത്തകർക്കു കഴിയുന്നുണ്ടോ എന്നു പരിശോധിക്കുക.

(6) നിങ്ങളുടെ പണം ഏതെങ്കിലും നിലയിൽ ഇവർ ആവശ്യപ്പെടുന്നുണ്ടോ എന്നു നോക്കുക. ഉണ്ടെങ്കിൽ അവരിൽ പ്രവർത്തിക്കുന്നത് ദൈവാത്മാവല്ല.

(7) ഇവർ നടത്തുന്ന അത്ഭുതങ്ങൾ നിമിത്തം ദൈവനാമമാണോ, അതോ ഇവരുടെ നാമമാണോ മഹത്വപ്പെടുന്നത് എന്നു വിലയിരുത്തുക.

(8) അത്ഭുതങ്ങളുടെ അടിസ്ഥാനത്തിൽ, അത്ഭുതപ്രവർത്തകർ പറയുന്നവ ഉപദേശസത്യങ്ങളായി സ്വീകരിക്കരുത്. ഉപദേശങ്ങൾ അത്ഭുതങ്ങളുടെ അടിസ്ഥാനത്തിലല്ല, ദൈവവചനത്തിന്റെ അടിസ്ഥാനത്തിലാണ് സ്വീകരിക്കേണ്ടത്.

**കർത്താവ് ക്രൂശിൽ നമ്മുടെ രോഗത്തിനും വേണ്ടി മരിച്ചുവോ?**

''സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു'' എന്നു യെശയ്യാവ് 53:4 ൽ കാണുന്നതുകൊണ്ട്, കർത്താവ് നമ്മുടെ പാപങ്ങൾക്കു വേണ്ടി മാത്രമല്ല, രോഗങ്ങൾക്കുവേണ്ടി കൂടിയാണ് കുരിശിൽ മരിച്ചത് എന്നു പലരും പഠിപ്പിക്കുന്നു. ഇത് ശരിയല്ല. കാരണങ്ങൾ താഴെ കൊടുക്കുന്നു:

(1) യെശയ്യാവ് 53:4 ലെ ആ പ്രവചനം ക്രൂശിലല്ല നിറവേറിയതെന്നും, കർത്താവിന്റെ ശുശ്രൂഷാകാലത്താണ് നിറവേറിയതെന്നും മത്തായി 8:16, 17 ൽ നിന്നും വ്യക്തമായി മനസ്സിലാക്കാം.

(2) കർത്താവ് ക്രൂശിൽ ചുമന്നത് പാപം മാത്രമാണെന്ന് 1 പത്രൊസ് 2:24 ൽ കാണുന്നു. എബ്രാ. 10:18 ൽ, കർത്താവിന്റെ യാഗം പാപങ്ങൾക്കുവേണ്ടി മാത്രമുള്ളതായിരുന്നു എന്നു കാണാം.

(3) ക്രൂശിൽ പാപശാന്തിയും രോഗശാന്തിയും ഉണ്ടെങ്കിൽ, പാപം ചെയ്താൽ യേശുവിന്റെ രക്തത്തിൽ ആശ്രയിക്കാനുള്ള ആഹ്വാനം ഉള്ളതുപോലെ (1 യോഹ.1:7), രോഗത്തിനും യേശുവിന്റെ രക്തത്തിൽ ആശ്രയിക്കണം. യാതൊരു ചികിത്സയും അരുത്. എന്നാൽ ചികിത്സ ചെയ്യാനാണ് ബൈബിൾ പറയുന്നത് (1 തിമൊ.5:23)

**(തുടരും)**

## കൊച്ചുണ്ണിയുടെ ബൈബിൾവായന

### എംവിഎസ്

17

# മാറിപ്പോകും... എവിടേക്ക്?

ഇട്ടിയപ്പച്ചനും മൂപ്പനും ഇരുന്ന് സംസാരിക്കവേ, ബ്രദർ കൊച്ചുണ്ണി വളരെ ഗൗരവത്തിൽ അവിടേക്കു വന്നു.

''എയറ് ഒന്നു അഴിച്ചുവിട്, കൊച്ചുണ്ണ്യേ'' ഇട്ടിയപ്പച്ചന്റെ കമന്റ്.

കൊച്ചുണ്ണി അതു ശ്രദ്ധിക്കാത്ത ഭാവത്തിൽ മൂപ്പനോടു പറഞ്ഞു.

''മൂപ്പാ, ഇന്നത്തെ ഈ കെട്ടിടങ്ങളും ഫ്ളാറ്റുകളുമെല്ലാം ഒരു നാല്പത് – അമ്പത് കൊല്ലം കഴിയുമ്പോഴേക്കും പൊളിച്ചുമാറ്റേണ്ടി വരും, ശരിയല്ലേ?''

''ഊം...'' മൂപ്പൻ മൂളുക മാത്രം ചെയ്തു. പക്ഷേ ഇട്ടിയപ്പച്ചൻ ''അതിന് നെനക്കെന്താ കൊച്ചുണ്ണ്യേ?'' എന്നു ചോദിച്ചു.

''ഇത്രയധികം കെട്ടിടങ്ങളെല്ലാം പൊളിക്കുമ്പോൾ ആ വെയ്സ്റ്റ് എവിടെ കൊണ്ടുപോയി ഇടും?''

കൊച്ചുണ്ണിയുടെ ഈ ചോദ്യം കേട്ടപ്പോൾ, അതിൽ കാര്യമുണ്ടെന്നു ഇട്ടിയപ്പച്ചനു തോന്നി. ''അതു ശരിയാണല്ലോ'' എന്നു പറഞ്ഞ് ഇട്ടിയപ്പച്ചൻ ഒന്നു ഇളകിയിരുന്നു.

''അതു വലിയൊരു പ്രശ്നം തന്നെയാണ്.'' മൂപ്പൻ തുടർന്നു.

''അതിന് പരിഹാരം കണ്ടെത്തേണ്ടത് ഗവൺമെന്റാണ്. അമ്പതു കൊല്ലം കഴിയുമ്പോഴേക്കും ഇന്നു പണിതിരിക്കുന്ന ഫ്ളാറ്റുകളും മറ്റു കെട്ടിടങ്ങളും തീർച്ചയായും പൊളിക്കേണ്ടി വരും. ആ കോൺക്രീറ്റ് വെയ്സ്റ്റ് എന്തു ചെയ്യണമെന്നത് ഒരു വെല്ലുവിളി തന്നെയാണ്.''

ഇതു സംബന്ധിച്ച് എന്തോ പറയാനായി ഇട്ടിയപ്പച്ചൻ വാ തുറക്കുമ്പോഴേക്കും കൊച്ചുണ്ണിബ്രദർ ഇടയ്ക്കു കയറി ഇങ്ങനെ പറഞ്ഞു.

''ശരിയാ, അത് ഗവൺമെന്റ് നോക്കട്ടെ. അതല്ല എന്റെ വിഷയം.''

ഇതു കേട്ടപ്പോൾ ഇട്ടിയപ്പച്ചന്റെ മുഖത്ത് ആകാംക്ഷ.

അതു കണ്ട കൊച്ചുണ്ണിബ്രദർ തെല്ല് ഗമയോടെയാണ് തുടർന്നു സംസാരിച്ചത്.

''അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും എന്നു 2 പത്രൊസ് 3:10 ൽ കാണുന്നു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല എന്നു വെളിപ്പാട് 21:1 ലും കാണുന്നു. ഇതൊക്കെ എവിടേക്ക് മാറിപോകും? ഇത്രേം സ്ഥലം എവിടെയാണുള്ളത്?''

“ഹൗ.... കൊച്ചുണ്ണ്യേ, ഇത് ഗംഭീ ര ചോദ്യമാണല്ലോ. മൂപ്പന് ഉത്തരം മുട്ടും.” ഇട്ടിയപ്പച്ചൻ പറഞ്ഞു.

“ഊം...” ബ്രദർ കൊച്ചുണ്ണിയൊന്നു മൂളി. ഒപ്പം ചുണ്ടിൽ ഒരു പുഞ്ചിരി വിരിഞ്ഞു. താൻ വേണ്ടത്ര ചിന്തിക്കാത്തവനാണെന്ന ഒരു ധാരണ ഈ ഇട്ടിയപ്പച്ചന് ഉണ്ട്. അതൊന്നു ഇപ്പോൾ മാറിയിരിക്കുന്നു.

“മൂപ്പാ പറയൂ...” ഇട്ടിയപ്പച്ചൻ വളരെ ആവേശത്തോടെയാണ് സംസാരിക്കുന്നത്. “ഈ കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ എവിടെ കൊണ്ടുപോയി ഇടും എന്നത് ഒരു ചോദ്യചിഹ്നമാണല്ലോ. എങ്കിൽ ഈ ആകാശവും ഭൂമിയും എല്ലാം എവിടേക്കു പോകും?”

“അത്....” മൂപ്പൻ പറയാൻ തുടങ്ങി.... “അത് അത്ര ബുദ്ധിമുട്ട് ഉള്ള കാര്യമൊന്നുമല്ല. കാരണം ഇല്ലായ്മയിൽനിന്നാണ് ഇതെല്ലാം ദൈവം ഉളവാക്കിയത്. അതേ ദൈവത്തിന് ഈ കാണുന്നതൊക്കെ ഇല്ലാതാക്കാനും കഴിയും.”

“മനസ്സിലായില്ല” കൊച്ചുണ്ണിബ്രദറിന്റെ മുഖത്ത് പിന്നെയും ഗൗരവം നിറഞ്ഞു.

“ഞാൻ പറഞ്ഞത്, ഇല്ലാത്തിടത്ത് നിന്ന് ദൈവത്തിന് ഉളവാക്കാമെങ്കിൽ, ഉള്ളിടത്തുനിന്ന് ഇല്ലാതാക്കാനും കഴിയുമല്ലോ.”

“ഉണ്ടാകട്ടെ എന്നു അവിടുന്ന് കല്പിച്ചപ്പോൾ ഇതെല്ലാം ഉണ്ടായി എങ്കിൽ, ഇല്ലാതാകട്ടെ എന്നു കല്പിച്ചാൽ ഇക്കാണുന്നതെല്ലാം ഇല്ലാതാകില്ലേ? എന്താ ഇത്ര സംശയം?”

“അതു ശരിയാ...” ഇട്ടിയപ്പച്ചന്റെ മുഖം വിടർന്നു. മൂപ്പൻ ആളൊരു പുലിയാണ് എന്ന മട്ടിൽ മൂപ്പനെ ഒന്നു നോക്കി. പക്ഷേ ബ്രദർ കൊച്ചുണ്ണിയുടെ മുഖം തെളിഞ്ഞില്ല.

“എനിക്കിതങ്ങ് അത്രയങ്ങ് ഉൾക്കൊള്ളാനങ്ങ് പറ്റ്ണില്ല.” ബ്രദർ കൊച്ചുണ്ണിയുടെ മറുപടി.

“ഏതായാലും ഒഴിഞ്ഞുപോകുന്ന ആകാശത്തെക്കുറിച്ച് നീ ഭാരപ്പെടേണ്ടതില്ല, കൊച്ചുണ്ണ്യേ”

ഇട്ടിയപ്പച്ചൻ ചിരിച്ചുകൊണ്ട് തുടർന്നു: “ഭൂമിയിലെ കെട്ടിടങ്ങൾ പൊളിക്കുമ്പോൾ അതിന്റെ വെയ്സ്റ്റ് എവിടെയിടും എന്നതിനെക്കുറിച്ച് വേണേൽ ഭാരപ്പെട്ടോളൂ. പക്ഷേ ആകാശവും ഭൂമിയും എവിടേക്കു പോകും എന്നോർത്ത് നിയ്യ് വെഷമിക്കേണ്ട”

“എന്തുകൊണ്ട്? എനിക്ക് ഇതറിയണം. ഈ ആകാശവും ഭൂമിയും എവിടേക്കു പോകും?” കൊച്ചുണ്ണി ബ്രദർ വിടാൻ ഭാവമില്ല.

ഇട്ടിയപ്പച്ചനും വിട്ടുകൊടുത്തില്ല. “അവ എവിടെനിന്നാണോ വന്നത് അവിടേക്ക് പോകും, അത്ര തന്നെ.”

“അവ എവിടെനിന്നാണ് വന്നത്?” കൊച്ചുണ്ണിബ്രദർ തെല്ലു ദേഷ്യത്തോടെയാണ് ചോദിച്ചത്.

“ഇല്ലായ്മയിൽനിന്ന്...” മൂപ്പൻ ഇടയ്ക്കു കയറിപ്പറഞ്ഞു. “അവ ഇല്ലായ്മയിലേക്കു തന്നെ പോകും”

# ഓരോരോ ജന്മങ്ങള്!

## എംവിഎസ്

6

### 6. കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴുന്നവർ

"കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുത്" എന്ന് ആവർത്തനം 22:10 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. മതസൗഹാർദ്ദത്തിന്റെ പേരും പറഞ്ഞ്, പലരും കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴാറുണ്ട്. 2021 ജനുവരി 20-ാം തീയതി കൊച്ചി ചെല്ലാനം സെന്റ് സെബാസ്റ്റ്യൻസ് പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് ആദരിക്കാൻ ക്ഷണിച്ചു വരുത്തിയ ചെല്ലാനം ഹെൽത്ത് ഇൻസ്പെക്ടർ മുഹമ്മദ് ഹാഷിം അൾത്താരയിൽ നിന്നുകൊണ്ട് ഖുറാൻ വചനങ്ങൾ ചൊല്ലി. ബൈബിൾ തട്ടിപ്പാണെന്നും ഖുറാനാണ് ഒറിജിനൽ എന്നും വരെ പറഞ്ഞുവച്ചു.

പള്ളിപ്പെരുന്നാളിനോടനുബന്ധിച്ച് കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴുതത് നിമിത്തം സംഭവിച്ച ഒരു ദുരന്തമാണിത്. ഇതോടുകൂടി കത്തോലിക്കർ പാഠം പഠിച്ചു കാണും. ഇത്തരം കാര്യങ്ങൾ ഇനി സംഭവിക്കാതെ നോക്കണം എന്നു മേലധികാരികൾ കീഴാളന്മാർക്ക് നിർദ്ദേശം കൊടുത്തു വത്രേ. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഹെൽത്ത് ഇൻസ്പെക്ടർക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയട്ടെ എന്നു കരുതി, കത്തോലിക്കർ ഏറ്റവും പൂജ്യമായി കരുതുന്ന അൾത്താരയിൽത്തന്നെ നിൽക്കാൻ അദ്ദേഹത്തെ അനുവദിച്ചു. അൾത്താരയിൽ കയറി നിന്നതോടുകൂടി അദ്ദേഹത്തിന്റെ ഉള്ളിലെ മുസ്ലീം പുറത്തു ചാടുകയും ചെയ്തു.

ഇതുപോലെ ഒരു പ്രഹരം ഇനി പെന്തെക്കോസ്തുകാർക്ക് കിട്ടേണ്ടതുണ്ട്. കാരണം പെന്തെക്കോസ്തുകാരുടെ കൺവൻഷൻയോഗങ്ങൾ ഉദ്ഘാടനം ചെയ്യാനും, ആശംസ അർപ്പിക്കാനും ഒക്കെ ഈയിടെയായി വരുന്നത് രാഷ്ട്രീയക്കാരും എംപിമാരും എംഎൽഎമാരും മന്ത്രിമാരും ഒക്കെയാണ്. പരിശുദ്ധാത്മാവ് തങ്ങൾക്ക് മാത്രമാണുള്ളത് എന്നും പറഞ്ഞ് കുന്തലിച്ചു നടക്കുന്നവർക്ക്, കാളയെയും കഴുതയെയും ഒന്നിച്ചു പൂട്ടി ഉഴരുത് എന്നുള്ള വചനം ഇതുവരെ മനസ്സിലായിട്ടില്ല. സുവിശേഷം പ്രസംഗിക്കാനായി സംഘടിപ്പിക്കുന്ന യോഗത്തിൽ, മതസൗഹാർദ്ദത്തിന്റെ പേരിലും, മറ്റു ചില കാര്യങ്ങൾ നേടാനുമായി വിളിച്ചുവരുത്തുന്ന അതിഥികളുടെ വായിൽനിന്നും ബൈബിളിനു നിരക്കാത്ത കാര്യങ്ങൾ വരുമ്പോൾ എന്താവും സ്ഥിതി?

പെന്തെക്കോസ്തിലെ നല്ലൊരു വിഭാഗം സഹോദരങ്ങൾ ഇത്തരം കാര്യങ്ങളെ എതിർക്കുന്നവരാണ്. പക്ഷേ നേതൃസ്ഥാനത്ത് ഇരിക്കുന്ന കുറെ മുതുകുരങ്ങുകൾക്കാണ് വിവരമില്ലാതെ പോയത്. ഓരോരോ ജന്മങ്ങള്! ❍

എംവിഎസ്

# കണ്ണോക്കുക

13

## വിദ്യാസമ്പന്നരായ വിഡ്ഢികൾ!

അച്ഛനും അമ്മയും ബിരുദാനന്തരബിരുദവും ഡോക്ടറേറ്റും ഉള്ളവർ... അച്ഛൻ ഒരു ഗവൺമെന്റ് കോളേജിന്റെ വൈസ്പ്രിൻസിപ്പൽ, അമ്മ ഒരു സ്കൂളിന്റെ പ്രിൻസിപ്പൽ... അച്ഛൻ രസതന്ത്രത്തിലും അമ്മ കണക്കിലും പുലികൾ... രണ്ടു പെൺമക്കൾ... അവർ കോളേജിൽ പഠിക്കുന്നു. ഈ അച്ഛനമ്മമാരുടെ മക്കളല്ലേ; അവരും പഠനത്തിൽ മികച്ച നിലവാരമുള്ളവർ തന്നെ. പക്ഷേ പറഞ്ഞിട്ടെന്തു കാര്യം. അന്ധവിശ്വാസങ്ങളുടെ ആലയമായിരുന്നു അവർ നാലു പേരും!

കലിയുഗം മാറി സത്യയുഗം വരുന്നു എന്നും, അതുകൊണ്ട് ഇപ്പോൾ മരിച്ചാൽ 24 മണിക്കൂറിനുള്ളിൽ പുനർജ്ജന്മം കൈവരിക്കുമെന്നും, പിന്നീട് നാലു പേരും സുഖമായി ജീവിക്കുമെന്നും ഈ വിദ്യാസമ്പന്നരായ മന്ദബുദ്ധികൾ വിശ്വസിച്ചു. അതനുസരിച്ച് മാതാപിതാക്കൾ തങ്ങളുടെ രണ്ടു പെൺമക്കളെയും തലക്കടിച്ചു കൊന്നു. അതിനുശേഷം ആത്മഹത്യ ചെയ്യാനായിരുന്നു മാതാപിതാക്കളുടെ പദ്ധതി. അതിനു മുമ്പ്, തങ്ങൾ മക്കളെ കൊലപ്പെടുത്തി എന്ന വസ്തുത അച്ഛൻ സഹപ്രവർത്തകനെ വിളിച്ചറിയിച്ചു. അദ്ദേഹം പോലീസിനെ വിവരമറിയിച്ചു.

ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിൽ മദനപ്പള്ളിയിലാണ് ഈ ദാരുണമായ സംഭവം നടന്നത്. 2021 ജനുവരി 28 ലെ പത്രങ്ങൾ ഇക്കാര്യം വിശദമായി റിപ്പോർട്ടു ചെയ്തിരുന്നു. ഡോ. വി. പുരുഷോത്തം നായിഡു, ഡോ. പത്മജ എന്നിവരാണ് ആ അച്ഛനമ്മമാർ. മക്കളായ അലേഖ്യ, സായ് ദിവ്യ എന്നിവരെയാണ് അവർ കൊലപ്പെടുത്തിയത്. വിദ്യാസമ്പന്നരായ ഈ മാതാപിതാക്കളും അവരുടെ രണ്ടു പെൺമക്കളും അന്ധവിശ്വാസങ്ങളുടെ അടിമകളായിരുന്നു എന്നത് ഒരു നടുക്കത്തോടെ മാത്രമേ നമുക്കു ഉൾക്കൊള്ളാനാവൂ.

വിദ്യാഭ്യാസം കൊണ്ട് ഇവർ എന്തു നേടി? ശരിയായ ജ്ഞാനം നേടിയില്ലെന്നു വ്യക്തം. അവരുടെ വിദ്യാഭ്യാസം കൊണ്ട് അന്ധവിശ്വാസങ്ങളെ ദൂരീകരിക്കാൻ അവർക്കു കഴിഞ്ഞില്ല. ശരിതെറ്റുകൾ തിരിച്ചറിയാൻ പര്യാപ്തമല്ലാത്ത വിദ്യാഭ്യാസംകൊണ്ട് ആർക്ക് എന്തു പ്രയോജനം?

*ബിരുദം സമ്പാദിക്കുക, ജോലി നേടുക എന്നതിനേക്കാൾ അറിവു സമ്പാദിക്കുക, അന്ധവിശ്വാസങ്ങൾ അകറ്റുക എന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം*

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th February 2021

Posted at
Thrissur RMS

**ആനുകാലികം**

## മന്ത്രിമാരുടെ തന്ത്രം!

ഭരിക്കുന്നത് ഏതു മുന്നണിയായാലും അവർ ഭരിക്കുന്നത് നാടിന്റെ ഗുണത്തിനുവേണ്ടിയാണോ എന്നു പലപ്പോഴും സംശയം തോന്നാറുണ്ട്. സ്വന്തം ക്ഷേമവും, സ്വന്തം പാർട്ടിയുടെ ക്ഷേമവും, സ്വന്തം കുടുംബത്തിന്റെ ക്ഷേമവും, സ്വന്തം കൂട്ടാളികളുടെ ക്ഷേമവും മാത്രമാണ് ഇവരുടെ ലക്ഷ്യം. അത് നേടിയെടുക്കുന്നതിനുള്ള യാത്രയിൽ സമൂഹത്തിലേക്ക് വല്ലപ്പോഴുമൊക്കെ എന്തെങ്കിലും എറിഞ്ഞിട്ടു കൊടുക്കുന്നു എന്നു മാത്രം - പട്ടിക്ക് എല്ലിൻകഷണം പോലെ.

നമ്മുടെ എംഎൽഎമാർ നിർമ്മിച്ചുകൊടുക്കുന്ന ബസ്കാത്തിരിപ്പു കേന്ദ്രങ്ങൾക്ക് ലക്ഷങ്ങളാണ് ചെലവ് കാണിക്കുന്നത്. നാലു ലക്ഷം കൊണ്ട് വീടു പണിയാമെന്നാണ് ചിലർ വാദിക്കുന്നത്. എങ്കിൽ ബസ്കാത്തിരിപ്പുകേന്ദ്രങ്ങൾക്ക് അതിലധികം തുക ചെലവ് കാണിക്കുന്നത് എങ്ങനെ ശരിയാകും?

മന്ത്രിമാരുടെ തന്ത്രം ഇനി പറയാം. അവരുടെ സ്റ്റാഫിന് ആ സ്ഥാനത്ത് നിന്നും മാറുമ്പോൾ പെൻഷൻ ലഭിക്കും. കൂടുതൽ പേർക്ക് ഇങ്ങനെ പെൻഷൻ ലഭിക്കാനായി നമ്മുടെ മന്ത്രിമാർ ചെയ്യുന്നത് എന്താണെന്നോ?! കൂടെക്കൂടെ സ്റ്റാഫിനെ മാറ്റും. പുതിയ പുതിയ സ്റ്റാഫിനെ നിയമിക്കും. ഇതിലൂടെ കൂടുതൽ ആളുകൾക്ക് മന്ത്രിയുടെ സ്റ്റാഫ് ആവാൻ അവസരം ലഭിക്കുന്നു. അവർക്കെല്ലാവർക്കും പെൻഷനും ലഭിക്കും. കാഞ്ഞ ബുദ്ധി തന്നെ!

എല്ലാവർക്കും പെൻഷൻ ഉറപ്പാക്കാനായി മന്ത്രിമാർ സ്റ്റാഫിനെ കൂടെക്കൂടെ മാറ്റുന്നതിലുള്ള എതിർപ്പ് ശമ്പള കമ്മീഷൻ പ്രകടിപ്പിച്ചു കഴിഞ്ഞു. (31-01-2021 ലെ പത്രവാർത്ത)

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V